"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം -എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള അപേക്ഷയിൽ കക്ഷികളായ ശ്രീ.ഷാജി, ശ്രീ.ഷാബു, ശ്രീ.ഷിബി എന്നിവർക്ക് അനുവദിച്ച അവാർഡ് തുക "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.777/2024/LSGD തീയതി,തിരുവനന്തപുരം, 27-04-2024

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 20/02/2023 തീയതിയിലെ എസ്1/909/2021/ട്രിഡ (1) നമ്പർ കത്ത്
2. സ.ഉ.(സാധാ) നം. 961/2023/തസ്വഭവ തീയതി 02.05.2023.
3. സ.ഉ.(സാധാ) നം. 5201/2023/ധന തീയതി 10/07/2023.

ഉത്തരവ്

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം -എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിലേക്കായി ട്രിഡ അർത്ഥനാധികാരിയായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28 എ പ്രകാരം കക്ഷികളായ ശ്രീ.ഷാജി, ശ്രീ.ഷാബു, ശ്രീ.ഷിബി എന്നിവർ സമർപ്പിച്ച അപേക്ഷയിൽ (LAR 361/09) തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 6,38,997/ രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം -എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 6,38,997/- രൂപ കക്ഷികളായ ശ്രീ.ഷാജി, ശ്രീ.ഷാബു, ശ്രീ.ഷിബി എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 6,39,000/- രൂപ "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം -എൻ.എച്ച്. ബൈപാസ് റോഡിന്റെ വികസനത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വേ നം. 1663 (LA Resurvey No. 192/46) ഉൾപ്പെട്ട 0.13 ആർ സ്ഥലത്തിന് കക്ഷികളായ ശ്രീ.ഷാജി,

ശ്രീ.ഷാബു, ശ്രീ ഷിബി (Plavilakathu Veedu, Venpalavattom, Anayara P.O., Thiruvananthapuram) എന്നിവർക്ക് 6,38,997/- രൂപ (ആറ് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം

ശ്രീ.ഷാജി, ശ്രീ.ഷാബു, ശ്രീ ഷിബി, Plavilakathu Veedu, Venpalavattom, Anayara P.O., Thiruvananthapuram.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
നിയമ വകുപ്പ് (ST-II1/74/2022-LAW dated 24/7/2022)
ധനവകുപ്പ് (WCD-3/123/2023-FIN E 2439225 dated 17/7/2023)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/36/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 27-04-2024 16:55:49
സെക്ഷൻ ഓഫീസർ